സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ROC.10051/2018/S

ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം
09 /01/2023

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

**വിഷയം:**-കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം ക്ഷേത്രത്തിലെ കീഴ് ശാന്തി നിയമനം സംബന്ധിച്ച്.

**സൂചന:** 1. **16.07.2020**-ലെ **ROC 8398/08/NS** നമ്പർ ബോർഡ് ഉത്തരവ്.

2. **11.11.2022**-ലെ മേൽ നമ്പർ ഉത്തരവ്.
3. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **25.11.2022**-ലെ **5341** നമ്പർ റിപ്പോർട്ട്.
4. ഈ ആഫീസിലെ **30.11.2022**-ലെ മേൽ നമ്പർ ഉത്തരവ്.
5. ഈ ആഫീസിലെ **06.12.2022**-ലെ മേൽ നമ്പർ ഉത്തരവ്.
6. ഈ ആഫീസിലെ **13.12.2022**-ലെ മേൽ നമ്പർ ഉത്തരവ്.
7. കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ **04.01.2023**-ലെ **5652** നമ്പർ റിപ്പോർട്ട്.

കൊട്ടാരക്കര ഗ്രൂപ്പിലെ പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ കീഴ്ശാന്തിയുടെ കാലാവധി രണ്ട് വർഷമായി കുറച്ച് ഉത്തരവായിട്ടുള്ളതാണ്. സൂചന **(1).** അതിൻ പ്രകാരം കൊട്ടാരക്കര ഗ്രൂപ്പിൽ നിന്നും പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്ര ത്തിലെ **(2023-2024)** കാലയളവിലേയ്ക്ക് കീഴ് ശാന്തിയാകുവാൻ താൽ പര്യമുള്ള ശാന്തിക്കാരുടെ അപേക്ഷ ക്ഷണിച്ച് കൊണ്ട് സർക്കുലർ **പുറപ്പെടുവിച്ച് ഉത്തരവായി സൂചന (2).** ആയതിന്റെ അടിസ്ഥാനത്തിൽ **ടി ഗ്രൂപ്പിൽ നിന്നും 11 ശാന്തിക്കാരുടെ** അപേക്ഷ സഹിതം അസിസ്റ്റന്റ് **ദേവസ്വം കമ്മീഷണറുടെ** റിപ്പോർട്ട് ലഭിച്ചു. സൂചന **(3).** ആയതിൻമേൽ **ആക്ഷേപമുള്ള പക്ഷം** അതറിയിക്കുന്നതിന് അപേക്ഷ പ്രകാരം യോഗ്യ

രായ ശാന്തിക്കാരുടെപ്രാഥമിക പട്ടിക പ്രസിദ്ധീകരിക്കുകയും സൂചന **(4).** ആക്ഷേപങ്ങൾ ഒന്നും തന്നെ ലഭിക്കാത്തതിനാൽ നേർകാഴ്ചയ്ക്കുള്ള അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്തു. സൂചന **(5).** തുടർന്ന് **12/12/2022** രാവിലെ **09.00** മണി മുതൽ നന്തൻകോട് സുമംഗലി കല്യാണ മണ്ഡപത്തിൽ വച്ച് നടത്തിയിട്ടുള്ള നേർകാഴ്ചയിൽ **10** പേർ പങ്കെടുത്തിട്ടുള്ളതും ആയതിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച് നറുക്കെടുപ്പിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള **5** പേരുടെ പട്ടിക പ്രസിദ്ധീകരിച്ചു. സൂചന **(6).**

പ്രസ്തുത ഉത്തരവിൻ പ്രകാരം **30/12/2022** രാവിലെ **7.30** മണിയ്ക്ക് പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) ദേവസ്വത്തിൽ വച്ച് നടന്ന നറുക്കെടുപ്പിൽ കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പുല്ലാമല ദേവസ്വം ശാന്തി ശ്രീ.കെ.ആർ.സഞ്ജയനെ കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി.ഡി മണികണ്-ഠേശ്വരം (ഗണപതി ക്ഷേത്രം) ക്ഷേത്രത്തിലെ കീഴ്ശാന്തിയായി **(2023-2024)** കാലയളവിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതും ടിയാന് നിയമനം നൽകുന്നതിലേയ്ക്ക് മഹസ്സറിന്റെ പകർപ്പ് സഹിതം കൊട്ടാരക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. സൂചന **(6).**

ആയതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി.ഡി മണികണ്ഠേശ്വരം (ഗണപതി ക്ഷേത്രം) കീഴ്ശാന്തിയായി ശ്രീ.കെ.ആർ.സഞ്ജയനെ **13/01/2023** മുതൽ **31/12/2024** വരെയുള്ള കാലയളവിലേയ്ക്ക് നിയമിച്ച് ഉത്തരവാകുന്നു. എന്തെങ്കിലും കാരണവശാൽ 13/01/2023-ന് ചുമതലയേൽക്കുവാൻ കഴിഞ്ഞില്ലെങ്കിലും ടിയാന്റെ കീഴ്ശാന്തിയായിട്ടുള്ള സേവനം **31/12/2024** വരെ മാത്രമായിരിക്കും

**(ഒപ്പ്)**

**ദേവസ്വം കമ്മീഷണർ**

**പകർപ്പ്-**

1. **സെക്രട്ടറി,തിരുവിതാംകൂർ ദേവസ്വം ബോർഡ് (ആമുഖ കത്ത് സഹിതം)**
2. **ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ-പത്തനംതിട്ട**
3. **അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ-കൊട്ടാരക്കര**
4. **സെക്ഷൻ ഫയൽ**
5. **ഫെയർ ഓഫീസ് കോപ്പി**

**ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ**
**(അഡ്മിനിസ്ട്രേഷൻ)**

**RA**